LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട എ. കെ. ബാലൻ, സാധാരണ ഒരു മന്ത്രിയാണെങ്കിൽ അങ്ങ് പറഞ്ഞത് അംഗീകരിക്കാം. മുഖ്യമന്ത്രി ആയതുകൊണ്ട് അദ്ദേഹത്തിന് ആ മന്ത്രിസഭയിലെ ഏത് മന്ത്രിയെ വേണമെങ്കിലും ചുമതല ഏല്പിക്കാം. പക്ഷേ ഏല്പിക്കുമ്പോൾ അത് ബഹുമാനപ്പെട്ട അംഗങ്ങളെ എല്ലാവരെയും അറിയിച്ചിരിക്കണം. ഇന്നലെത്തന്നെ ബുള്ളറ്റിൻ ഇറക്കി. ആ ബുള്ളറ്റിൻ ഇന്നലത്തെ കവറിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു.

ശ്രീ. മാത്യു റ്റി തോമസ്: സർ, ഈ ബില്ല് അവതരിപ്പിക്കുന്നതിന് മുഖ്യമന്ത്രിക്ക് ഒരു പ്രത്യേക പരിരക്ഷയും നല്കിയിട്ടില്ല. 78-ാം ചട്ടത്തിന്റെ വിശദീകരണത്തിൽ പറയുന്നത്, "ക്ലിപ്ത നിബന്ധനയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ എത്രതന്നെ ആയിരുന്നാലും ബിൽ അവതരിപ്പിച്ച ഒരംഗം ചുമതല വഹിച്ച അംഗമായി തുടരുന്നതാണ്" എന്നാണ്. അതിന് വ്യത്യസ്തമായി ബുള്ളറ്റിൽ കൊടുക്കാൻ പറ്റില്ല.

മി. സ്പീക്കർ: ചട്ടത്തിൽ പറയുന്നില്ലെങ്കിൽപ്പോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറ്റൊരു മന്ത്രിയെ ചുമതലപ്പെടുത്താം. അതാണ് ചെയർ പറഞ്ഞത്.

ശ്രീ. സി. ദിവാകരൻ: സർ, ബിൽ അവതരിപ്പിക്കുന്ന അംഗത്തിന് മാത്രമേ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാൻ കഴിയൂ എന്നത് വിശദീകരണത്തിൽ നിന്നും വ്യക്തമാണ്. ചട്ടവിരുദ്ധമായി ഈ ബിൽ അവതരിപ്പിക്കാൻ കഴിയുമോ? അങ്ങ് റൂളിംഗ് നൽകിയാൽ മതി, ഞങ്ങൾക്ക് പ്രശ്നമില്ല.

റൂളിംഗ്

മി. സ്പീക്കർ: ചെയർ പറയാം. "എന്നാൽ ചുമതല വഹിക്കുന്ന ഒരംഗത്തിന് തന്റെ ബില്ലിന്റെ അവതരണത്തിനുശേഷം ഏതെങ്കിലും ഒരു ഘട്ടത്തിൽ ആ ബിൽ സംബന്ധിച്ച അടുത്ത പ്രമേയം അവതരിപ്പിക്കാൻ കഴിയാതെ വന്നാൽ അതിനുള്ള കാരണങ്ങൾ തൃപ്തികരമെന്ന് സ്പീക്കർ കരുതുന്നപക്ഷം ആ അംഗത്തിന് സ്പീക്കറുടെ അംഗീകാരത്തോടുകൂടി പ്രത്യേക പ്രമേയം അവതരിപ്പിക്കുന്നതിന് വേറൊരു അംഗത്തെ അധികാരപ്പെടുത്താവുന്നതാണ്."

.....(ബഹളം)..... ചെയർ പറയട്ടെ, ഇതനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെത്തന്നെ ചെയറിന് എഴുതിത്തന്നു. അതനുസരിച്ച് ഇവിടെനിന്ന് ബുള്ളറ്റിൻ ഇറക്കി. ബഹുമാനപ്പെട്ട കെ. സി. ജോസഫിനെ ചുമതല ഏല്പിച്ചിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ചെയറിന് 313-ാം വകുപ്പ് അനുസരിച്ചുമാത്രമേ ഇതിന് അനുമതി കൊടുക്കാൻ പറ്റുകയുള്ളൂ. ചെയറിന് ചെയ്യാം. പക്ഷെ, ചെയർ പറയണം. 313-ാം വകുപ്പ് പ്രകാരമുള്ള എന്റെ അധികാരം ഉപയോഗിച്ചുകൊണ്ട് ഞാൻ അനുമതി കൊടുക്കുന്നുവെന്ന് ചെയർ പറഞ്ഞാൽ ശ്രീ. കെ. സി. ജോസഫിന് അവതരിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഒരു മെമ്പർക്ക് പെട്ടെന്ന് എന്തെങ്കിലും അസൗകര്യം വന്നുപോയാൽ അത് അവതരിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ വായിച്ച മേൽപ്പറഞ്ഞ ഭാഗം ചട്ടങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. വെറുതെ സമയം കളയേണ്ട; എന്തായാലും ബിൽ അവതരിപ്പിക്കാൻ ചെയർ ബഹുമാനപ്പെട്ട മന്ത്രിയെ ക്ഷണിച്ചു മന്ത്രി ബിൽഅവതരിപ്പിക്കട്ടെ.

ശ്രീ. കെ. സി. ജോസഫ്: സർ, ...(ബഹളം)..... ഈ ബിൽ 2015 മാർച്ച് 6-ന് നിയമസഭയിൽ ബഹുമാന്യനായ.....(ബഹളം).....

മി. സ്പീക്കർ: ഈ ബില്ലിന്റെ ചുമതല ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തന്നെയാണ്. നിയമസഭയിൽ ഇത് അവതരിപ്പിക്കുന്നതിനുള്ള താല്ക്കാലിക ചുമതല മാത്രമാണ് ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് കൊടുത്തിരിക്കുന്നത്. അത് ചെയറിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എഴുതിത്തന്നിരുന്നു. ഇന്നലെതന്നെ അതുസംബന്ധിച്ച് ബുള്ളറ്റിൻ ഇറക്കി. ചെയറിന്റെ അനുവാദത്തോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഇത് അവതരിപ്പിക്കുന്നത്. .....(ബഹളം).....

ബഹുമാനപ്പെട്ട സി. ദിവാകരൻ, മെമ്പർ ഇൻ ചാർജ് മാറുന്നില്ല. മെമ്പർ ഇൻ ചാർജ് മുഖ്യമന്ത്രി തന്നെയാണ്. ചെയറിന്റെ അധികാരം ഉപയോഗിച്ചുകൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട മന്ത്രിയെ അത് അവതരിപ്പിക്കാൻ ക്ഷണിച്ചത്. അത് താല്ക്കാലികമായ ചുമതല മാത്രമാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, 2015 മാർച്ച് 6-ന് കേരള നിയമസഭയിൽ ബഹുമാന്യനായ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞ രണ്ടു കാര്യങ്ങളാണ് എൻ.ആർ.ഐ. കമ്മീഷൻ ബില്ലും മലയാളം ഭാഷാ ബില്ലും. ഈ രണ്ട് വാഗ്ദാനങ്ങൾ പാലിക്കുന്നതോടുകൂടി കഴിഞ്ഞ മാർച്ച് 6-ന് നടത്തിയ ഗവർണ്ണറുടെ പ്രസംഗത്തിലെ വാഗ്ദാനങ്ങൾ പാലിച്ച സംതൃപ്തി ഗവൺമെന്റിനുണ്ട്.

.....(ബഹളം).....

മി. സ്പീക്കർ: നിങ്ങളുടെ സംശയം ഞാൻ വായിച്ചുതരാം. "നിബന്ധനയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ എത്രതന്നെ ആയിരുന്നാലും ബിൽ അവതരിപ്പിച്ച ഒരംഗം ചുമതലവഹിക്കുന്ന അംഗമായി തുടരുന്നതാണ്." എന്നുപറഞ്ഞാൽ, നിയമസഭയിൽ ആ അംഗം ബിൽ അവതരിപ്പിക്കണമെന്നല്ല. ബില്ലിന്റെ ചുമതല ബിൽ അവതരിപ്പിച്ച അംഗത്തിനുതന്നെയായിരിക്കും എന്നാണ്. അതുതന്നെയാണ് ചെയർ നേരത്തെ പറഞ്ഞത്, ഇതിന്റെ ചുമതല ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തന്നെയാണ്. താല്ക്കാലികമായി മറ്റൊരു മന്ത്രിയെ ഏൽപ്പിച്ചുവെന്നേയുള്ളൂ. ..... (ബഹളം)..... ഞാൻ പറയുന്നത് നിങ്ങൾ ശ്രദ്ധിക്കുന്നില്ല. ഞാൻ പറഞ്ഞത് ഇതിന്റെ ചുമതല ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുതന്നെയാണ് എന്നാണ്.